# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3145 — 11.12.14 ൽ - മറുപടിക്ക്

## റേഷൻ ഷോപ്പുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻ ഷോപ്പുകളുടെ നവീകരണത്തിനും സാധനങ്ങൾ കൃത്യമായി ഗുണഭോക്താക്കൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ? | (എ) റേഷൻ ഷോപ്പുകളുടെ നവീകരണത്തിനും സാധനങ്ങൾ കൃത്യമായി ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനുമായി സംസ്ഥാനത്ത് പൊതുവിതരണ സംവിധാനത്തിന്റെ സമഗ്ര നവീകരണത്തിന്റെ ഭാഗമായി എൻഡ്-ടു-എൻഡ് കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കാൻ തീരുമാനിക്കുകയും ഇതിന്റെ ഭാഗമായി വകുപ്പ് തലത്തിൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് പ്രൊപ്പോസൽ മന്ത്രിസഭ 31.05.14-ലെ സ.ഉ(കൈ)നം.18/14/ഭ.പൊ.വി.വ പ്രകാരം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.<br><br>1. റേഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുക<br>2. എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള വിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുകയും, ഭക്ഷ്യധാന്യങ്ങൾ ഒരു സർക്കാർ സംവിധാനത്തിലൂടെ നേരിട്ട് എ.ആർ.ഡി.കളിൽ എത്തിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക.<br>3. എ.ആർ.ഡി. നവീകരണത്തിലൂടെ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് റേഷൻ കടകളിലൂടെ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കുക.<br>4. ഗുണഭോക്താവിന് സുതാര്യമായ പരാതി പരിഹാര സംവിധാനം ഒരുക്കുക<br><br>ഇത് നടപ്പാക്കുന്നതിലൂടെ യഥാർത്ഥ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അവർക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ റേഷൻകടകൾ വഴി ലഭ്യമാക്കുന്നതാണ്. പദ്ധതി നടപ്പിലാക്കുന്നതിലൂടെ സർക്കാർ അനുവദിക്കുന്ന അളവിലും തൂക്കത്തിലും വ്യത്യാസം വരാതെ റേഷൻ സാധനങ്ങൾ ലഭ്യമാകുന്നതിന് സുതാര്യമായ ഓൺലൈൻ സംവിധാനം പൊതുജനങ്ങൾക്ക് ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ